നിയന്ത്രണവും ചട്ടത്തിൽ ചട്ടം 18 അനുസരിച്ച് നദീതീരത്തിന്റെയോ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റേയോ സമഗ്ര വികസനത്തിനും നദീതീരം സംരക്ഷിക്കുന്നതിനും നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി ആന്റ് ഇ) ഇല്ല. ഈ സാമ്പത്തിക വർഷം ഓരോ ജില്ലയിലും അനുവദിച്ച തുക താഴെ പറയുന്നു.

തിരുവനന്തപുരം	1,61,12,000
കൊല്ലം	32,18,000
ആലപ്പുഴ	7,83,000
കോട്ടയം	18,89,780
ഇടുക്കി	41,70,000
പാലക്കാട്	65,48,744
തൃശ്ശൂർ	4,14,74,000
എറണാകുളം	2,93,20,000
കാസർഗോഡ്	5,00,000
കോഴിക്കോട്	5,93,12,000
കണ്ണൂർ	48,50,000
പത്തനംതിട്ട	66,28,000
വയനാട്	60,00,000

ഇടുക്കി ജില്ലയിൽ നൽകിയ പട്ടയങ്ങൾ

97 [2162] ശ്രീ. പി. ടി. തോമസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. സുധാകരൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ ഇടുക്കി ജില്ലയിൽ എത്ര പേർക്ക് പട്ടയം ലഭിക്കുവാനർഹതയുണ്ടായിരുന്നു;

(ബി) അതിൽ ഇതുവരെ എത്ര പേർക്ക് പട്ടയം നൽകി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് പട്ടയം കൊടുക്കാനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്;

(ഡി) ഇടുക്കിയിൽ എത്ര പേർക്ക് കൈവശരേഖ നൽകി എന്നറിയി ക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ ഇടുക്കി ജില്ലയിൽ 22612 പേർക്ക് പട്ടയം ലഭിക്കാനർഹതയുള്ള അപേക്ഷകൾ തീർപ്പാക്കാനു ണ്ടായിരുന്നു.

(ബി) അതിൽ 1435 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) ബാക്കിയുള്ള അപേക്ഷകളിൽ അർഹതപ്പെട്ടവർക്ക് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

(ഡി) ഇടുക്കിയിൽ 2407 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

വ്യാജപട്ടയങ്ങളെക്കുറിച്ച് അന്വേഷണം

98 [2164] ശ്രീമതി രാധാരാഘവൻ:
ശ്രീ. ജി. കാർത്തികേയൻ:
,, ലൂഡി ലൂയിസ്:
,, കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലാണ് വ്യാപകമായി വ്യാജ പട്ടയം നിലവിലുള്ളത്;

(ബി) വ്യാജ പട്ടയം സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടെങ്കിൽ ആരാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്;

(സി) ഈ അന്വേഷണത്തിൽ ഇതുവരെ ലഭിച്ച വിവരങ്ങളെന്തെല്ലാം?

ഉത്തരം

(എ) വാഗമൺ, കെ.ഡി.എച്ച്, ഇടുക്കി എന്നീ വില്ലേജുകളിലാണ് വ്യാജ പട്ടയം നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly